കേസുകൾ പിൻവലിക്കൽ

20 (4347) ശ്രീ. ഇ. പി. ജയരാജൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് നിയമാനുസൃതം എടുക്കുന്ന കേസുകൾ പിൻവലിക്കാൻ സർക്കാർ കോടതിയോടാവശ്യപ്പെടുന്നത് ഏത് . നിയമവ്യവസ്ഥകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത അധികാരം ദുർവിനിയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുൻചീഫ് സെക്രട്ടറി സി. പി. നായരെ വധിക്കാൻ ശ്രമിച്ച കേസ് പിൻവലിക്കാൻ ഉത്തരവ് പുറപ്പെടുവിച്ച് കോടതിയോടാവശ്യപ്പെടുകയുണ്ടായിട്ടുണ്ടോ ; ആരുടെ ആവശ്യത്തിന്മേൽ, ആരുടെ ശിപാർശ പ്രകാരമായിരുന്നു പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) വിചാരണ ആരംഭിച്ചതുൾപ്പെടെയുള്ള കേസുകൾ പിൻവലിക്കുന്നത് അധികാര ദുർവിനിയോഗമാണെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ സർക്കാർ കേസ് പിൻലിക്കാൻ പുറപ്പെടുവിച്ച ഉത്തരവുകൾ സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ; വിജിലൻസ് കേസുകൾ പിൻവലിക്കാൻ പുറപ്പെടുവിച്ച ഉത്തരവുകൾ എത്രയെന്നറിയിക്കുമോ ?

ഉത്തരം

(എ) ക്രിമിനൽ നടപടി നിയമ സംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നത്.

(ബി) ഇല്ല.

(സി) 24532/എൽ2/2015/ആഭ്യന്തരം കത്ത് പ്രകാരം സർക്കാർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ശ്രീ. ജ്യോതിപ്രസാദ് @ വെട്ടൂർ ജ്യോതിപ്രസാദ് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്ക് സമർപ്പിച്ചതും റവന്യൂവും കയറും വകുപ്പുമന്ത്രി മുഖേന സമർപ്പിച്ചതുമായ അപേക്ഷകളിന്മേൽ നിയമ വകുപ്പിന്റേയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റേയും അഭിപ്രായം ആരാഞ്ഞ ശേഷമാണ് സമ്മതപത്രം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല. വിചാരണയിലിരിക്കുന്ന കേസുകൾ പിൻവലിക്കുന്നതിനുള്ള നിരാക്ഷേപ പത്രമാണ് സർക്കാർ നൽകുന്നത്. കേസുകൾ പിൻവലിക്കുന്നത് ബഹുമാനപ്പെട്ട കോടതിയാണ്.

(ഇ) 5089 കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. 12 വിജിലൻസ് കേസുകൾ.

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനായി കർമ്മ പദ്ധതികൾ

21 (4348) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഒഴിവുകൾ ഇ-മെയിൽ വഴി പി.എസ്.സി.-യെ അറിയിക്കുവാനും യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-ഡി) നിലവിലുള്ളതും ഉണ്ടാകാൻ ഇടയുള്ളതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പു മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് ഇ-മെയിൽ വഴി റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ എല്ലാ നിയമനാധികാരികൾക്കും ഡിജിറ്റൽ ഒപ്പ് ലഭ്യമാകാത്തതിനാൽ തപാൽ മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള കാലാവധി 30-4-2015 വരെ പി.എസ്.സി. ദീർഘിപ്പിച്ചിരുന്നു. ഇതുകൂടാതെ

LIBRARY ARCHIVES Kerala Legislative Assembly